(ബി) പല അംഗൻവാടികളും മാതൃശിശുസംരക്ഷണ കേന്ദ്രങ്ങളും യഥാസമയം തുറന്ന് പ്രവർത്തിക്കുന്നില്ല എന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അംഗൻവാടികളിൽ വരുന്ന കുട്ടികൾക്ക് പാലും റൊട്ടിയും വിതരണം ചെയ്യുന്നതിൽ ക്രമക്കേട് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അംഗൻവാടികളിൽ വരുന്ന കുട്ടികൾക്ക് കൃത്യമായി പാലും റൊട്ടിയും നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ;

(ഇ) മാതൃശിശുസംരക്ഷണ കേന്ദ്രങ്ങളിൽ കുട്ടികൾക്കും ഗർഭിണികൾക്കും ആഴ്ചയിൽ ഒരിക്കൽ കൃത്യമായി വൈദ്യപരിശോധന നടത്താനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വാർഡ് മെമ്പർമാരേയും സാമൂഹ്യ പ്രവർത്തകരേയും ഗുണഭോക്താക്കളെയും ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുകയും ഐ.സി.ഡി.എസ് ന്റെ പ്രവർത്തനം മാസംതോറും വിലയിരുത്തുന്നതിന് അംഗൻവാടി വെൽഫെയർ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) അംഗൻവാടികൾ കാര്യക്ഷമമായി പ്രവർത്തിക്കാത്തതു സംബന്ധിച്ച ചില ഒറ്റപ്പെട്ട പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിനാൽ അന്വേഷണം നടത്തി കുറ്റക്കാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുമുണ്ട്.

(സി) ഉണ്ട്.

(ഡി) അംഗൻവാടികളിൽ വരുന്ന കുട്ടികൾക്ക് കൃത്യമായി ഭക്ഷണം നൽകുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. അംഗൻവാടികളിലെ ഭക്ഷണ വിതരണം 1-4-98 മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് നടത്തുന്നത്.

(ഇ) മാതൃശിശുസംരക്ഷണ കേന്ദ്രങ്ങൾ ആരോഗ്യ വകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. ടി വകുപ്പാണ് ആവശ്യമായ നടപടി സ്വീകരിക്കേണ്ടത്.

30 (*450) പതിനൊന്നാം ധനകാര്യ കമ്മിഷന് സമർപ്പിച്ച ശുപാർശകൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എ. കണാരൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം ധനകാര്യകമ്മിഷന്റെ പരിഗണനയ്ക്കായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെതായ ശുപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫലപ്രദമായി അധികാരവികേന്ദ്രീകരണം നടപ്പാക്കിയ സംസ്ഥാനമെന്നനിലയിൽ കേരളത്തിന് എന്തെങ്കിലും പ്രത്യേക സഹായം ധനകാര്യകമ്മിഷനോട് ആവശ്യപ്പെട്ടിരുന്നുവോ;

(സി) കൂടുതൽ പണചെലവുള്ള എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കാൻ വേണ്ടിയാണ് ധനകാര്യ കമ്മിഷനോട് പ്രത്യേക സഹായം ആവശ്യപ്പെട്ടിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിഴവുകൾ കണ്ടെത്തുന്നതിന് ഓമ്പുഡ്സ്മാൻ, ട്രിബ്യൂണൽ, ഓഡിറ്റ് കമ്മിഷൻ എന്നിവയെ നിയമിക്കുന്നതിലേയ്ക്ക് എന്ത് തുക ആവശ്യമാകുമെന്ന് ധനകാര്യ കമ്മിഷനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) ഉണ്ട്. വിശദാംശം അനുബന്ധമായി*വച്ചിട്ടുണ്ട്.

(ബി) അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കിയ സ്റ്റേറ്റുകളിൽ ഏറ്റവും മുന്നിൽ നിൽക്കുന്നതിനാൽ പ്രത്യേക പരിഗണന കേരളത്തിന് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) അനുബന്ധത്തിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതലൊന്നുമില്ല.

(ഡി) ഇല്ല.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

1 (2149) സംസ്ഥാനത്തെ വ്യവസായ സംരംഭകർ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ഡോ. എം.എ. കുട്ടപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഏതെല്ലാം വിദേശ വ്യവസായ സംരംഭകർ വ്യവസായം ആരംഭിച്ചിട്ടുണ്ട്;

(ബി) ഇവർ എവിടെയെല്ലാമാണ് വ്യവസായങ്ങൾ ആരംഭിച്ചിട്ടുള്ളത്;

(സി) ഇവർ ഒട്ടാകെ എന്തുതുക മുതൽമുടക്കിയിട്ടുണ്ട്?

ഉത്തരം

(എ)(ബി)&(സി) വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു†

† അനുബന്ധം VII (1,2)

LIBRARY ARCHIVES Kerala Legislative Assembly

5. ആശ്രാഭവൻ

മാനസിക രോഗം ഭേദമായവരും ബന്ധുക്കളാരും സ്വീകരിക്കുവാനായി ഇല്ലാത്തവരുമായ സ്ത്രീകളുടെ ക്ഷേമത്തിനുവേണ്ടി തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ഓരോ ആശ്രാഭവനുകൾ പ്രവർത്തിക്കുന്നു.

കുട്ടികൾക്കു വേണ്ടിയുള്ള സ്ഥാപനങ്ങൾ

1. ചിൽഡ്രൻസ് ഹോം, നൂറനാട്

കുഷ്ഠരോഗികളായ രക്ഷകർത്താക്കളുടെ കുഞ്ഞുങ്ങളുടെ സംരക്ഷണം, വിദ്യാഭ്യാസം, ക്ഷേമം, പുനരധിവാസം എന്നിവ ലക്ഷ്യമാക്കി ക്കൊണ്ട് ഈ സ്ഥാപനം പ്രവർത്തിക്കുന്നു.

2. വികലാംഗ സദനങ്ങൾ

കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, തളിപ്പറമ്പ് എന്നിവിടങ്ങളിൽ ഓരോ ബാലവികലാംഗ സദനങ്ങൾ പ്രവർത്തിച്ചുവരുന്നു. 4 വയസ്സിനും 16 വയസ്സിനും മദ്ധ്യ പ്രായമുള്ള വികലാംഗരായ കുട്ടികളെ സംരക്ഷിക്കുവാ നുള്ള സ്ഥാപനമാണിത്.

ജുവനൈൽ ഹോമുകൾ

ഉപേക്ഷിക്കപ്പെട്ട 16 വയസ്സുവരെയുള്ള ആൺകുട്ടികളെയും 18 വയസ്സ് വരെയുള്ള പെൺകുട്ടികളെയും താമസിപ്പിക്കുന്ന സ്ഥാപനമാണിത്. സംസ്ഥാ നത്ത് തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്(2 എണ്ണം) എന്നീ സ്ഥലങ്ങളിലാണ് ജുവനൈൽ ഹോമുകൾ പ്രവർത്തിക്കുന്നത്. ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ ബാലസദനങ്ങളും പ്രവർത്തിച്ചു വരുന്നുണ്ട്.

അനുബന്ധം VI

13-3-2000 ത്തിലെ ചോദ്യം 30 (*450) ന്റെ ഉത്തരം കാണുക

1. The awards of the state Finance Commissions cannot be used as a SOLE basis for determining the quantum of devolution, but the actual extent of decentralisation attempted by a State Government should be used as the determining criteria. Specifically, the Eleventh Finance Commission should consider the progress achieved by a state in actually clothing the local bodies with powers under Articles 243 W of the Constitution read with schedules Eleven and Twelve.

2. 10% of the total divisible pool of taxes of the centre should be additionally kept aside for the local bodies to meet the constitutional obligation of the Centre (the first tier) to the local bodies (the third tier) in the wake of the 73rd and 74th amendments to the constitution.

3. The Fiscal transfers from the centre to each state should be on the basis of the following :

   i. The resources requirements arising from transfer of developmental and maintenance responsibilities by each state to its panchayats and Municipal Bodies.

LIBRARY ARCHIVES Kerala Legislative Assembly

ii. Tax and non-tax revenue raising powers already given to the local self-government.

iii. Maximum of the devolution recommended by the State Finance Commission and the actual extent of devolution to the local bodies, both as Plan and Non Plan.

iv. The emoluments and terminal benefits of the employees of the local bodies including those of teachers who have been on rolls of the local bodies.

v. The establishment costs including emoluments and terminal benefits of the Staff transferred to local bodies that are for the present being met by the State Government.

അനുബന്ധം VII-(1)

13-3-2000 ത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1(2149) ന്റെ ഉത്തരം കാണുക

ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന കമ്പനികൾ

		മുതൽ മുടക്ക് രൂപ(ലക്ഷം)	തൊഴിൽ നൽകിയത്	വിറ്റുവരവ് രൂപ(ലക്ഷം)
1(സി) 1.	അഡാ സൊഫ്റ്റ്വെയർ ആന്റ് സർവ്വീസസ്*	110	30	151.00
2(ബി) 2.	ആംസ്റ്റർ ഇൻഫർമേഷൻ ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് (യു.എസ്)	100	30	28.00
1(സി) 3.	ബി.പി.എൽ. സിസ്റ്റംസ് ആന്റ് പ്രോജക്ട്സ് ലി.*	100	3	-
1(സി) 4.	ബ്രഹ്മാ സൊഫ്റ്റ്ടെക് പ്രൈവറ്റ് ലിമിറ്റഡ് *	150	125	20
1(എ) 5.	കേസ് കൺസൽട്ട് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് (ജർമ്മനി)*	250	150	223.85
1(എ) 6.	ഡാറ്റാ എൻട്രി ഇന്റർ നാഷണൽ പ്രൈവറ്റ് ലിമിറ്റഡ് (യു.കെ.)*	250	300	446.12
2(ബി) 7.	ഡാറ്റാവെയർ ഡിസൈൻസ് ലാബ്സ് പ്രൈവറ്റ് ലിമിറ്റഡ് (യു.എസ്.)	300	60	258.00
2(എ) 8.	ഫിഷർ സിസ്റ്റംസ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് (യു.എസ്.)	45	25	28.98
2(ബി) 9.	ഗാഡ്കോ സൊഫ്റ്റ്വെയർ ആന്റ് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് (മുബായ്)	35	15	32.76
2(എ) 10.	ജെമിനി സൊഫ്റ്റ്വെയർ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് (ബഹ്റൈൻ)	100	30	13.18
2(സി) 11.	ജിയോസൊഫ്റ്റ് ടെക്നോളജീസ് പ്രൈവറ്റ് ലിമി.	150	100	200.00
2(എ) 12.	ജിയോലോജിക്ക് ജി.എം.ബി.എച്ച് (ജർമ്മനി)	40	10	10.00
2(ബി) 13.	ഇന്റർ നാഷണൽ ബിസിനസ്സ് സർവ്വീസസ് ഗ്രൂപ്പ് (മുബായ്)	950	200	1200.00
2(സി) 14.	ഇന്റസിക്സ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് (കാനഡ)	15	10	13.25
2(എ) 15.	ഹെൽത്ത് കെയർ മീഡിയാ			

LIBRARY ARCHIVES Kerala Legislative Assembly